'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം- ജീവനക്കാര്യം - തദ്ദേശ സ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. അരുൺ എസ്. -ന് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇ.ഡബ്ല്യു) വകുപ്പ്**

**സ.ഉ.(സാധാ) നം.2005/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 18/09/2019

---

പരാമർശം:- 1. ശ്രീ. അരുൺ എസ്. സമർപ്പിച്ച 04.10.2016 ലെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ.

2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 30.11.2017, 12.03.2019 തീയതികളിലെ ഇ17-12276/2017/സി.ഇ/തസ്വഭവ നമ്പർ കത്തുകൾ.

3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 22.02.2019 ലെ (L-Dis) MR1 76098/2018/ആ.വ.ഡ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ പ്രമാടം/വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. അരുൺ എസ്., ടിയാന്റെ ഭാര്യയ്ക്ക് റോഡപകടത്തെ തുടർന്ന് തിരുവനന്തപുരം എസ്.പി.ഫോർട്ട് ആശുപത്രിയിലെ ചികിത്സയ്ക്ക് ചിലവായ 1,43,845/- രൂപ(ഒരു ലക്ഷത്തി നാല്പത്തി മൂവായിരത്തി എണ്ണൂറ്റി നാല്പത്തി അഞ്ച് രൂപ മാത്രം) പ്രതിപൂരണം ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരാമർശം 2 കത്തുകൾ പ്രകാരം ചീഫ് എൻജിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീ. അരുൺ എസ്.-ന്റെ അപേക്ഷയിന്മേൽ പ്രതിപൂരണം ചെയ്യുന്നതിന് അനുവദനീയമായ തുക 53,580/- രൂപ( അൻപത്തി മൂവയിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം) ആണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരിശോധിച്ച് പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ വകുപ്പിൽ പ്രമാടം/വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ ആയ ശ്രീ. അരുൺ എസ്.-ന്റെ ഭാര്യയ്ക്ക് റോഡപകടത്തെ തുടർന്ന് തിരുവനന്തപുരം എസ്.പി.ഫോർട്ട് ആശുപത്രിയിലെ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിക്കാമെന്ന് അറിയിച്ചിരിക്കുന്ന തുകയുടെ 80% ആയ 42,864/ - രൂപ (നാല്പത്തി രണ്ടായിരത്തി എണ്ണൂറ്റി അറുപത്തി നാല് രൂപ മാത്രം) പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു. മേൽ തുക 2515-00-001-92-01" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും ചിലവഴിക്കേണ്ടതാണ്.

# File No.LSGD-EW3/526/2017-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഗോപകുമാർ യു**
**അണ്ടർ സെക്രട്ടറി**

1. ശ്രീ. അരുൺ എസ്., അസിസ്റ്റന്റ് എൻജിനീയർ (*തസ്വഭവ ചീഫ് എഞ്ചിനീയർ മുഖേന*)
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

   (ബില്ലുകളും അനുബന്ധ രേഖകളും സഹിതം).
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. ധനകാര്യ വകുപ്പ്(31.08.2019 ലെ 1249843/L3/411/2019-FIN പ്രകാരം)
6. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് (26.07.2018 ലെ G2/378/2018/H&FWD പ്രകാരം)
7. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ